"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/287/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-11-2024

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ടൂറിസം വകുപ്പിൻറെ 'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതി - തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യത കുറയ്ക്കുന്നതിന് PPP മാതൃകയിൽ പദ്ധതികൾ ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.24/2021/TSM, തീയതി 21.12.2021
2. സ.ഉ.(കൈ) നം.5/2022//TSM, തീയതി 22.02.2022
3. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
4. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
5. 17.04.2023ലെ ഡിഎ1/287/2022-തസ്വഭവ നമ്പർ സർക്കുലർ
6. വികേന്ദ്രീകൃതാസൂത്രണ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 16.06.2023ലെ 851/എസ്.ആർ.ജി/2023 നമ്പർ കത്ത്

**********************

സംസ്ഥാനത്തെ അറിയപ്പെടാത്ത, ടൂറിസം വികസന സാധ്യതയുള്ള പ്രദേശങ്ങളുടെ വികസനത്തിനായി ടൂറിസം വകുപ്പ് ആവിഷ്കരിച്ച 'ഡെസ്റ്റിനേഷൻ ചലഞ്ച്' എന്ന പദ്ധതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സൂചന 5 സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. പദ്ധതിയുടെ 60% തുക ടൂറിസം വകുപ്പും, ബാക്കി 40% ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനവും വഹിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച്, അടങ്കൽ തുകയുടെ 40% പഞ്ചായത്തുകൾ ചെലവഴിക്കുന്ന മുറയ്ക്ക് മാത്രമാണ് ബാക്കി 60% തുക പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാർക്ക് ടൂറിസം വകുപ്പ് നേരിട്ട് നൽകുന്നത്. സൂചന 3, 4 മാർഗ്ഗരേഖകളുടെ ഖണ്ഡിക 8.15 പ്രകാരം തദ്ദേശഭരണ സ്ഥാപനതലത്തിലെ പ്രകൃതിരമണീയമായ വിനോദസഞ്ചാര സാദ്ധ്യതകളുള്ള കേന്ദ്രങ്ങളെ വികസിപ്പിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന്, ഡെസ്റ്റിനേഷൻ ചലഞ്ച് പരിപാടിയുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും, ഭാരിച്ച തുക കണ്ടെത്താൻ തദ്ദേശ ഭരണ സ്ഥാപനത്തിന് സാധിക്കാത്തതുകൊണ്ടാണ് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം കുറയുന്നത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിക്കായി ഫണ്ട് കണ്ടെത്തുന്നതിനും പ്രൊജക്ട് നടപ്പാക്കുന്നതിനും സഹായകരമായ ചുവടെയുള്ള അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ടൂറിസം സാദ്ധ്യത നിലനിൽക്കുന്നതും, 'ഡെസ്റ്റിനേഷൻ ചലഞ്ച്' പദ്ധതി എടുക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തത ഉള്ളതുമായ ഗ്രാമപഞ്ചായത്തുകളെ ഡെസ്റ്റിനേഷൻ ചലഞ്ച് പരിപാടിയിൽ ഉൾപ്പെടുത്തി, അവ ഡി.പി.ആർ. തയ്യാറാക്കുകയാണെങ്കിൽ, അവയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിനും സഹായം ലഭ്യമാക്കുന്നതിനും ബന്ധപ്പെട്ട ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ നടപടി സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വിഹിതം, കൂടിയാലോചനയ്ക്ക് ശേഷം, ആദ്യമേ നിശ്ചയിച്ച് നൽകേണ്ടതാണ്. ടൂറിസം വകുപ്പ് വിഹിതത്തോടൊപ്പം സഹകരണ സംഘങ്ങൾ/സഹകരണ ബാങ്കുകൾ എന്നിവയുടെ ഫണ്ടും ഉപയോഗിച്ച് പദ്ധതി ഏറ്റെടുക്കാവുന്നതാണ്. പദ്ധതി പൂർത്തിയായ ശേഷം സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് അധിക സൗകര്യങ്ങൾ ഒരുക്കാവുന്നതുമാണ്.
2. ഗ്രാമപഞ്ചായത്തുകളും ടൂറിസം വകുപ്പും സൂചന 1 ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള അനുപാതത്തിൽ തുക വകയിരുത്തി DPR തയ്യാറാക്കുന്നത് തുടരാവുന്നതാണ്.
3. ഇതിന് പുറമേ, പഞ്ചായത്തുകളും സ്വകാര്യ വ്യക്തികളും ടൂറിസം വകുപ്പും ചേർന്ന് സംയുക്തമായി പദ്ധതി ഏറ്റെടുക്കുന്നതിനും DPR തയ്യാറാക്കാവുന്നതാണ്. ഈ മാതൃക സ്വീകരിക്കുന്ന പക്ഷം, പദ്ധതി പൂർണ്ണതയിൽ എത്തിയതിനുശേഷം അതിൽ നിന്നും ലഭിക്കുന്ന വരുമാനവും തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള വ്യവസ്ഥയും നിശ്ചയിക്കുമ്പോൾ, സ്വകാര്യ നിക്ഷേപം ഒഴികെയുള്ള പൊതു ഫണ്ട് പഞ്ചായത്തിന്റെ മുതൽ മുടക്കായി പരിഗണിച്ച് അനുപാതം നിശ്ചയിക്കാവുന്നതാണ്. അത്തരത്തിൽ ചെയ്യുമ്പോൾ വിനോദസഞ്ചാര വകുപ്പിന്റെ നിക്ഷേപ ശതമാനം 40% ആയി ചുരുക്കി പഞ്ചായത്തിന്റെ വിഹിതം 20%വും സ്വകാര്യ നിക്ഷേപം 40% ആക്കുന്നത് പരിഗണിക്കാം. എങ്കിൽ, വകുപ്പ് നൽകുന്നതും പഞ്ചായത്ത് വിഹിതവും ചേർന്ന് 60% പഞ്ചായത്തിന്റേതായി കണക്കാക്കി വരുമാനം പങ്കിടാവുന്നതാണ്. എന്നാൽ സ്വകാര്യ/പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി പൂർത്തികരിച്ച ശേഷം മാത്രമായിരിക്കും ടൂറിസം വകുപ്പ് ഫണ്ട് നൽകുക.
4. ഇത് കൂടാതെ, സ്വകാര്യ വ്യക്തികളുമായി ധാരണയിലെത്തി, പഞ്ചായത്തുകളുടെ വിഹിതം പഞ്ചായത്തിനുവേണ്ടി സ്വകാര്യ വ്യക്തി മുതൽമുടക്കുന്നതിനുള്ള DPR തയ്യാറാക്കുന്ന മാതൃകയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്. ഈ നിർദ്ദേശം ഫണ്ട് ലഭ്യതക്കുറവുള്ള പഞ്ചായത്തുകൾക്ക് പരിഗണിക്കാവുന്നതാണ്. ഈ മാതൃകയിൽ പ്രോജക്റ്റ് പൂർത്തീകരിച്ച് വരുമാനവും തുടർ പ്രവർത്തനങ്ങളുടെയും അനുപാതം നിശ്ചയിക്കുമ്പോൾ പൊതു ഫണ്ട് മുടക്കിയിട്ടുള്ളത് പഞ്ചായത്തിന്റെ വിഹിതമായി പരിഗണിക്കാവുന്നതുമാണ്. കൺസൾട്ടൻസികളുടെ പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി വരുന്ന സാഹചര്യത്തിൽ ഇത്തരം സ്വകാര്യ ഏജൻസികളുടെ പ്രവർത്തനത്തിന് ആവശ്യമായ കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നാലെ നൽകുന്നതാണ്.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ടൂറിസം വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. ടൂറിസം (എ) വകുപ്പ്
24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 02-11-2024 16:20:09

സെക്ഷൻ ഓഫീസർ.